സ.ഉ.(സാധാ) നം.1345/2023/H&FWD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - നഴ്സിംഗ് അദ്ധ്യാപക വിഭാഗം - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ബോണ്ടഡ് നഴ്സിംഗ് ലക്ചറർമാരുടെ വേതനം 20,500 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(സാധാ) നം.1345/2023/H&FWD തീയതി,തിരുവനന്തപുരം, 05-06-2023

പരാമർശം:- 1 സ.ഉ.(കൈ) നം. 243/2022/ആ.കു.വ തീയതി 27.11.2022

2 മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുട 18.01.2023, 17.03.2023 തീയതികളിലെ ബി9/116/2023 /മെ.വി.വ നമ്പർ കത്തുകൾ

ഉത്തരവ്

സർക്കാർ നഴ്സിംഗ് കോളേജിൽ വിവിധ കോഴ്സുകളിലെ പ്രവേശനത്തിനായി അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണത്തിൽ കാലാകാലങ്ങളിൽ സർക്കാർ വർദ്ധനവ് വരുത്താറുണ്ട്. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:10 ആയി നിലനിർത്തേണ്ടതിനാൽ, സർക്കാർ നഴ്സിംഗ് കോളേജുകളിൽൽനിന്നും എം.എസ്.സി നഴ്സിംഗ് വിജയകരമായി പൂർത്തിയാക്കിയ വിദ്യാത്ഥികളെ ഒരു വർഷകാലയളവിലേക്ക് സർക്കാർ നഴ്സിംഗ് കോളേജുകളിൽ ബോണ്ടഡ് ലക്ചറർമാരായി നിയമിച്ചുകൊണ്ട് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പാലിച്ചുവരുന്നു.

2. ബോണ്ടഡ് ലക്ചറർമാർക്ക് പ്രതിമാസം 18,500/- രൂപയാണ് നൽകിവരുന്നതെന്നും ആയത് തികച്ചും അപര്യാപ്തമായതിനാൽ ബോണ്ടഡ് ലക്ചറർമാരായി സേവനം ചെയ്യാൻ വിദ്യാർത്ഥികൾ താത്പര്യപ്പെടുന്നില്ല എന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിക്കുകയുണ്ടായി. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നിലനിർത്താൻ ബോണ്ടഡ് ലക്ചറർമാരുടെ സ്റ്റൈപ്പന്റ് കാലോചിതമായി പരിഷ്കരിക്കണമെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ നഴ്സിംഗ് കോളേജുകളിലെ ബോണ്ടഡ് നഴ്സിംഗ് ലക്ചറർമാരുടെ സ്റ്റൈപ്പന്റ് 20,500/- രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചത് പ്രകാരം, സർക്കാർ നഴ്സിംഗ് കോളേജുകളിൽനിന്നും 2022-23ൽ MSc Nursing പാസ്സായ 80 ഉദ്യോഗാർത്ഥികളെ സ്റ്റൈപ്പന്റ് നൽകി ബോണ്ടഡ് നഴ്സിംഗ് ലക്ചറർമാരായി നിയമിക്കുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാർക്കും (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)
ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (20.05.2023ലെ No.2357955/HLT-B2/32/2023-FIN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 05-06-2023 17:07:20

സ.ഉ.(സാധാ) നം.**1345/2023/H&FWD**

സെക്ഷൻ ഓഫീസർ

പകർപ്പ് ആരോഗ്യ വനിതാ ശിശുക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് അറിവിനായി നൽകുന്നു.